**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1093** **05-03-2018 ൽ മറുപടിക്ക്**

**പട്ടയ വിതരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.റ്റി.വി. രാജേഷ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ എത്ര പട്ടയങ്ങൾ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) ഈ സർക്കാർ നാളിതുവരെ 54859 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |

| **ജില്ല** | **പട്ടയങ്ങളുടെ എണ്ണം** |
|---|---|
| തിരുവനന്തപുരം | 211 |
| കൊല്ലം | 136 |
| പത്തനംതിട്ട | 98 |
| ആലപ്പുഴ | 73 |
| കോട്ടയം | 279 |
| ഇടുക്കി | 14310 |
| എറണാകുളം | 1641 |
| തൃശ്ശൂർ | 16845 |
| പാലക്കാട് | 3884 |
| മലപ്പുറം | 7694 |
| കോഴിക്കോട് | 4259 |
| വയനാട് | 571 |
| കണ്ണൂർ | 1506 |
| കാസർഗോഡ് | 3352 |
| **ആകെ** | **54859** |

| | |
|---|---|
| (ബി) പട്ടയ വിതരണം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) സർക്കാർ റവന്യൂ പുറമ്പോക്കിലെ കൈവശക്കാർക്ക് 1964 ലെയും 1995 ലെയും കേരള ഭൂമി പതിവ് ചട്ടങ്ങൾക്കനുസൃതമായി പട്ടയനടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. പട്ടയവിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പട്ടയത്തിനു വേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിൽ അടിയന്തിരമായി പതിവ് കമ്മിറ്റി കൂട്ടുകയും പതിവ് കമ്മിറ്റി അംഗീകരിക്കുന്ന കേസുകൾക്കു പതിവ് ലിസ്റ്റ് തയ്യാറാക്കി അർഹരായവർക്ക് |

ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് വകുപ്പുകളുടെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരുടെ കൈവശഭൂമി സംയുക്ത പരിശോധന പൂർത്തിയാക്കി എൻ.ഒ.സി ലഭ്യമാക്കി അർഹരായവർക്ക് പട്ടയം നൽകുന്ന നടപടി സ്വീകരിച്ചു വരുന്നു. സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായതനുസരിച്ച് ആ ഓഫീസുകളിൽ നിന്നും പട്ടയവിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നതും, കൂടാതെ ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് ദേവസ്വം പട്ടയ അപേക്ഷകളിൽ തീർപ്പ കൽപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**